ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 08.09.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. ദേശീയ വിദ്യാഭ്യാസ നയം യുവാക്കളുടെ ഊർജ്ജം പൂർണമായി തിരിച്ചറിയുന്നതിന് സഹായകമാകുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   **Vice President Jagdeep Dhankhar today highlighted that the National Education Policy allows youth to fully explore their talent and energy.**

2. ഇന്ത്യയിലെത്തിയ യുവാവിൽ എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തി. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം.

   **A young male recently travelled has been identified as a suspect case of Mpox. The Health Ministry informed that there is no cause of any undue concern.**

3. അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ഔദ്യോഗിക സന്ദർശനത്തിനായ് ഇന്ത്യയിലെത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ച നാളെ.

   **The Crown Prince of Abu Dhabi Sheikh Khaled bin Mohamed bin Zayed Al Nahyan arrived in New Delhi. He will meet Prime Minister Narendra Modi tomorrow.**

4. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനുള്ള ഇടപെടലിൽ കേരളാ പോലീസിന് കേന്ദ്ര അംഗീകാരം.

   **Kerala Police has won Ministry of Home Affairs's Award for intervention in preventing cyber violence against women and children.**

5. പാരീസ് പാരാലിമ്പിക്സിന് ഇന്ന് സമാപനം. ഏഷ്യ കപ്പ് ഹോക്കിയിൽ ഇന്ത്യയ്ക്ക് വിജയത്തുടക്കം.

**Paris paralympics 2024 will conclude today. In Asia Cup Hockey, India won the opening match.**

**&&&&&&&&&&&&&**

## HEADLINE 1
## VP-LITERACY DAY

രാജ്യത്തെ യുവാക്കളുടെ കഴിവും ഊർജ്ജവും പൂർണമായി തിരിച്ചറിയുന്നതിന് ദേശീയ വിദ്യാഭ്യാസ നയം സഹായകമാകുമെന്ന് ഉപരാഷ്ട്രപതി ജഗ് ദീപ് ധൻകർ. അന്താരാഷ്ട്ര സാക്ഷരത ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം. മാതൃഭാഷയ്ക്ക് ദേശീയ വിദ്യാഭ്യാസ നയത്തിൽ ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. സാക്ഷരത ജനങ്ങളെ സ്വതന്ത്രരും സ്വയംപര്യാപ്തരുമാക്കുമെന്നും ഉപരാഷട്രപതി പറഞ്ഞു. അക്ഷര ജ്ഞാനം മറ്റൊരു വ്യക്തിക്ക് പകർന്നു നൽകുന്നത് സാമൂഹിക സേവനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&**

## HEADLINE 2
## M POX

വിദേശത്തുനിന്നും ഇന്ത്യയിലെത്തിയ യുവാവിൽ എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. യുവാവ് നിരീക്ഷണത്തിൽ തുടരുകയാണെന്നും നിലവിൽ ആശങ്കപ്പെടേണ്ടതില്ലെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കി. രോഗബാധ സ്ഥിരീകരിക്കുന്നതിനായി സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.സമ്പർക്കപ്പട്ടിക അടക്കമുള്ള വിവരങ്ങൾ ശേഖരിച്ചു വരികയാണ്. രോഗബാധ തടയാൻ രാജ്യം പൂർണ സജ്ജമാണെന്നും ആരോഗ്യമന്ത്രാലയം അറിയിച്ചു.

**&&&&&&&&&&&&&**

## HEADLINE 3
## EVE CROWN PRINCE- VISIT

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തി. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം സംബന്ധിച്ച് നാളെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ അബുദാബി കിരീടാവകാശി ചർച്ച ചെയ്യും. രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിക്കുന്ന അദ്ദേഹം രാജ്ഘട്ടിൽ മഹാത്മാ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കും.

**&&&&&&&&&&&&&&**

## REV -JAISHANKAR - RIYADH BERLIN GENEVA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെ റിയാദിലെത്തിയ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിന് ഊഷ്മള സ്വീകരണം. പ്രഥമ ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. സൗദി അറേബ്യ സന്ദർശനം പൂർത്തിയാക്കി ഡോ. ജയശങ്കർ ചൊവ്വാഴ്ച ജർമ്മനിയിലെത്തും. ജർമ്മനിയിലെ ഉന്നത നേതൃത്വവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. തുടർന്ന് ഈ മാസം 12 ന് ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യമന്ത്രി സ്വിറ്റ്സർലൻഡിലേക്ക് പോകും.

**&&&&&&&&&&&&&&**

## PM-EXGRATIA

ഉത്തർപ്രദേശിലെ ലക്നൗവിൽ കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവർ ദുഖം രേഖപ്പെടുത്തി. ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

**&&&&&&&&&&&&&&**

## J AND K RAJNATH

ജമ്മു കശ്മീരിൽ ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. കേന്ദ്ര മന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ രാജ്നാഥ് സിംഗ് വിവിധ പൊതു റാലികളെ

അഭിസംബോധന ചെയ്യു. ജമ്മു കശ്മീരിൽ നിലവിലെ വികസനം തുടരുന്നതിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് റാംബാനിൽ പറഞ്ഞു. ജമ്മു കശ്മീരിൽ അനുച്ഛേദം 370 തിരികെ കൊണ്ടുവരില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വരും ദിവസങ്ങളിൽ വിവിധ പാർട്ടികളുടെ ദേശീയ നേതാക്കൾ പ്രചാരണത്തിനിറങ്ങും. അതെസമയം, നിയമസഭാ തിരഞ്ഞെടുപ്പിലെ 10 സ്ഥാനാർത്ഥികളുടെ പട്ടിക കൂടി ബി ജെ പി പുറത്തിറക്കി.

**&&&&&&&&&&&&&**

**MANDAVIYA-OLYMPIC COUNCIL-INTRO**

2030 ലെ യൂത്ത് ഒളിമ്പിക്സിനും 2036 ലെ സമ്മർ ഒളിമ്പിക്സിനും ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. 44-ാമത് ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ ജനറൽ അസംബ്ലിയെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

കായിക മേഖല, മത്സരങ്ങൾക്കപ്പുറം രാഷ്ട്രങ്ങളെ ഒന്നിപ്പിക്കുന്നുവെന്നും ശ്രീ മൻസുഖ് മാണ്ഡവ്യ പറഞ്ഞു.

**&&&&&&&&&&&&&**

**HEADLINE 4**

**CYBER- MINISTRY OF HOME AFFAIRS**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്നതിനുള്ള ഇടപെടലിൽ കേരളാ പോലീസിന് കേന്ദ്ര അംഗീകാരം. ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻററിൻറെ ആദ്യ സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ച പുരസ്കാരങ്ങളിലാണ് കേരളം നേട്ടം കൈവരിച്ചത്. മറ്റെന്നാൾ ന്യൂഡൽഹിയിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം ഏറ്റുവാങ്ങും.

**&&&&&&&&&&&&&**

## PIB - FACT CHECK

പി എം കുസും യോജനയിൽ രജിസ്ട്ർ ചെയ്യുന്നതിന് എണ്ണായിരം രൂപ ആവശ്യപ്പെടുന്ന തരത്തിൽ പ്രചരിക്കുന്ന കത്ത് വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. രജിസ്ട്രേഷൻ ഫീസ് നൽകിയാൻ പദ്ധതിയിൽ ചേരാനാകുമെന്ന കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത് വ്യാജമാണെന്നും പി ഐ ബി ഫാക്റ്റ് ചെക്ക് യൂണിറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&

## REV SIRCAR RESIGN TMC

തൃണമൂൽ കോൺഗ്രസിലെ ജവഹർ സിർകർ രാജ്യസഭ എം പി സ്ഥാനം രാജിവെയ്ക്കാൻ തീരുമാനിച്ചു. എം പി സ്ഥാനം രാജിവെക്കുന്നതിനൊടൊപ്പം രാഷ്ട്രീയ പ്രവർത്തനവും അവസാനിപ്പിക്കാൻ തീരുമാനിച്ചതായി പാർട്ടി അധ്യക്ഷയും മുഖ്യമന്ത്രിയുമായ മമത ബാനർജിക്ക് അയച്ച കത്തിൽ അദ്ദേഹം വ്യക്തമാക്കി. പശ്ചിമ ബംഗാളിലെ നിലവിലെ സ്ഥിതിഗതികളിൽ ആശങ്കയുണ്ടെന്നും ശ്രീ ജവഹർ സിർകർ പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE 5
## PARALYMPICS CLOSING CEREMONY- INTRO

2024 പാരീസ് പാരാലിമ്പിക്സിന് ഇന്ന് സമാപനം. ചരിത്രത്തിലെ ഏറ്റവും മികച്ച മെഡൽ നേട്ടവുമായിയാണ് ഇത്തവണ ഇന്ത്യൻ സംഘത്തിന്റെ മടക്കം. ഇന്ത്യൻ സമയം രാത്രി 11.30 നാണ് സമാപന ചടങ്ങുകൾ.

ഒരു റിപ്പോർട്ട് ....
(വോയിസ്)

## PARALYMPICS CLOSING CEREMONY- VOICE

പാരിസ് പാരാലിമ്പിക്സിൽ 7 സ്വർണവും 9 വെള്ളിയും 13 വെങ്കലവുമായി ആകെ 29 മെഡലുകൾ സ്വന്തമാക്കി ഇന്ത്യ. പാരാലിമ്പിക്സിൽ ഇന്ത്യയുടെ ഏറ്റവും വലിയ മെഡൽ നേട്ടമാണിത്. സ്വർണ മെഡൽ നേട്ടത്തിലും പാരീസിൽ ഇന്ത്യൻ താരങ്ങൾ ചരിത്രം കുറിച്ചു. സമാപന ചടങ്ങിൽ സ്വർണ മെഡൽ ജേതാവായ ഹാർവിന്ദർ സിംഗ് , സ്പ്രിന്റർ പ്രീതി പാൽ എന്നിവർ ഇന്ത്യൻ പതാകയേന്തും. നൃത്തരൂപങ്ങൾ, ജാസ്

സംഗീതസന്ധ്യ തുടങ്ങിയവർണാഭമായ പരിപാടികൾക്കായിരിക്കും ഫ്രാൻസ് സാക്ഷ്യം വഹിക്കുക. 2028 -ൽ പാരാലിമ്പിക്സിന് വേദിയാകുന്ന ലോസ് ആഞ്ചൽസിനു ബാറ്റൺ കൈമാറുന്നതോടെ ഈ വർഷത്തെ കായിക മാമാങ്കത്തിന് ഔദ്യോഗിക സമാപനമാകും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&

## ASIA CUP HOCKEY

ഏഷ്യ കപ്പ് ഹോക്കിയിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യയ്ക്ക് ജയം. ആതിഥേയരായ ചൈനയെ എതിരില്ലാത്ത മൂന്നു ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. സുഖ്ജീത് സിംഗ്, ഉത്തം സിംഗ് , അഭിഷേക് എന്നിവരാണ് ഇന്ത്യയ്ക്കായി സ്കോർ ചെയ്തത്. നാളെ നടക്കുന്ന മത്സരത്തിൽ ജപ്പാനാണ് ഇന്ത്യയുടെ എതിരാളികൾ.

&&&&&&&&&&&&&&

## US OPEN

യുഎസ് ഓപ്പൺ പുരുഷ വിഭാഗം സിംഗിൾസ് ഫൈനലിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം യാനിക് സിന്നെർ, ടെയ്‌ലർ ഫ്രിറ്റ്സ് മായി ഏറ്റുമുട്ടും. വനിതാ സിംഗിൾസ് കിരീടം ബെലാറസ് താരം അരീന സബലങ്ക കരസ്ഥമാക്കി. ഇത് താരത്തിന്റെ മൂന്നാമത്തെ ഗ്രാൻഡ് സ്ലാം കിരീടമാണ്.

&&&&&&&&&&&&&&

## ASHWINI VAISHNAW - TIME MAGAZINE

സാങ്കേതിക രംഗത്തും നിർമ്മിത ബുദ്ധി മേഖലയിലും ഏറ്റവും സ്വാധീനിക്കപ്പെട്ട വ്യക്തികളിൽ ഒരാളായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. പട്ടികയിലെ "ഷേപ്പേഴ്സ്" വിഭാഗത്തിലാണ് അദ്ദേഹത്തിൻറെ പേര് ഉൾപ്പെടുത്തിയിരിക്കുന്നത്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അർദ്ധചാലക നിർമ്മാണ രംഗത്ത് ഏറ്റവും മികച്ച അഞ്ച് രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറുമെന്ന് പ്രതീക്ഷിക്കുന്നതായി ടൈം മാഗസിൻ റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&

## GEORGE KURIAN

തിരുവനന്തപുരം പോത്തൻകോട് ശാന്തിഗിരി ആശ്രമം സ്ഥാപക ഗുരു നവജ്യോതി ശ്രീ കരുണാകര ഗുരുവിന്റെ തൊണ്ണൂറ്റിയെട്ടാമത് ജന്മദിനാഘോഷം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ആദ്ധ്യാത്മിക ചൈതന്യത്തിനും ഭൗതികമായ ഉയർച്ചയ്ക്കും ആശ്രമം നൽകുന്ന മാനസിക പിന്തുണ കൂടുതൽ ജനങ്ങളിലേക്കെത്തണമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ, എ.എ. റഹീം എം.പി, മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&

## TVM AIRPORT STRIKE

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ കരാർ ജീവനക്കാർ നടത്തി വന്ന സമരം അവസാനിപ്പിച്ചു. ലേബർ കമീഷണറുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ ജീവനക്കാരുടെ ആവശ്യങ്ങൾ മാനേജ്മെൻറ് അംഗീകരിച്ചതിനെ തുടർന്നാണ് തീരുമാനം. സംയുക്ത തൊഴിലാളി യൂണിയനുകളുടെ നേതൃത്വത്തിൽ ഇന്നലെ രാത്രി മുതലാണ് സമരം ആരംഭിച്ചത്.

&&&&&&&&&&&&&

## VEENA GEORGE

കേരളത്തിൽ അവയവം മാറ്റിവയ്ക്കൽ പ്രക്രിയ ഫലപ്രദമാക്കാൻ ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനമിറക്കിയതായി മന്ത്രി വീണാ ജോർജ്. അവയവമാറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉപദേശക സമിതി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് മാർഗനിർദേശം നൽകും. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് രണ്ട് വർഷ കാലാവധിയുള്ള സമിതിയുടെ അധ്യക്ഷൻ.

&&&&&&&&&&&&&

## ONAM KIT

സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരം പേരൂർക്കട ബാപ്പുജി ഗ്രന്ഥശാല ഓഡിറ്റോറിയത്തിൽ മന്ത്രി ജി.ആർ. അനിൽ

നിർവഹിക്കും. ഓണക്കിറ്റുകൾ സംസ്ഥാനത്തെ റേഷൻ കടകൾ വഴി നാളെ മുതൽ വിതരണം ചെയ്യും. 6 ലക്ഷത്തോളം വരുന്ന മഞ്ഞ റേഷൻ കാർഡുടമകൾക്കും,വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻകാർഡ് ഉടമകൾക്കും ഓണക്കിറ്റ് ലഭിക്കും.

**&&&&&&&&&&&&&**
**&&&&&&&&**
**&&&**